# പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ —ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2026 ജൂലൈ 1, ബുധൻ

**നമ്പർ 13**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50):**

1. 2026-27-ലെ ബജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻഫണ്ട് വെട്ടിക്കുറച്ചതും സ്പിൽ ഓവർ അനുവദിക്കാത്തതും മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്തംഭനാവസ്ഥയിലെത്തിയ അടിയന്തര സാഹചര്യം സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ജി. ആർ. അനിലും മറ്റ് രണ്ട് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

(സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

**ശ്രദ്ധ ക്ഷണിക്കൽ :**

(1) ലോട്ടറി ടിക്കറ്റ് വിൽപ്പനയിലെ ഇടിവ് മൂലം സംസ്ഥാനത്തെ ലോട്ടറി മേഖല നേരിടുന്ന പ്രശ്നങ്ങളിലേക്ക് ശ്രീ. സനീഷ്കുമാർ ജോസഫ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) കേരളത്തിലെ പ്രധാനപ്പെട്ട തനത് പരമ്പരാഗത വ്യവസായമായ കള്ള് ചെത്ത് വ്യവസായത്തെ തകർച്ചയിൽ നിന്നും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എ. പ്രഭാകരൻ സഹകരണ-എക്സൈസ് വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP.1084/2026

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| നം. | അംഗം | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1. | ശ്രീ. പിണറായി വിജയൻ | വിഴിഞ്ഞം തുറമുഖത്തിൽ എം. എസ്. സി.യുടെ നിക്ഷേപം | ബഹു. മുഖ്യമന്ത്രി |
| 2. | ശ്രീ. ജി. സുധാകരൻ | തോട്ടപ്പള്ളി കരിമണൽ ഖനനം സംബന്ധിച്ച് | ബഹു. മുഖ്യമന്ത്രി |
| 3. | ശ്രീ. സജി ചെറിയാൻ | മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി | ബഹു. മുഖ്യമന്ത്രി |
| 4. | ശ്രീ. കെ. എൻ. ബാലഗോപാൽ | കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണം യാഥാർഥ്യമാക്കുന്നതിന് നടപടി | ബഹു. മുഖ്യമന്ത്രി |
| 5. | ശ്രീ. പി. എം. എ. സമീർ | സംസ്ഥാനത്ത് ഡയറക്റ്റ്, ഇൻഡയറക്റ്റ് വരുമാനം ജനറേറ്റ് ചെയ്യുന്നതിനുള്ള നടപടി സംബന്ധിച്ച് | ബഹു. മുഖ്യമന്ത്രി |
| 6. | ശ്രീ. ഷിബു തെക്കുംപുറം | തങ്കളം കാക്കനാട് റോഡ് നിർമ്മാണം പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത | ബഹു. മുഖ്യമന്ത്രി |
| 7. | ശ്രീ. കെ. പ്രവീൺ കുമാർ | കോഴിക്കോട് സൗത്ത് ബീച്ച് വികസനവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ സംബന്ധിച്ച് | ബഹു. മുഖ്യമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8. | ശ്രീ. അപ്പു ജോൺ ജോസഫ് | രാസലഹരിയ്ക്ക് അടിമപ്പെട്ടവരെ തിരികെ കൊണ്ടുവരാൻ നടപടി | ബഹു. ആഭ്യന്തരം - വിജിലൻസ്, കയർ വകുപ്പ് മന്ത്രി |
| 9. | ശ്രീ. ടി. ഒ. മോഹനൻ | റിമാൻഡ് തടവുകാരന് മാനുഷിക പരിഗണന നൽകുന്നത് സംബന്ധിച്ച് | ബഹു. ആഭ്യന്തരം - വിജിലൻസ്, കയർ വകുപ്പ് മന്ത്രി |
| 10. | ശ്രീ. സി. കെ. കാസിം | പോലീസ് എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തുന്നത് സംബന്ധിച്ച് | ബഹു. ആഭ്യന്തരം - വിജിലൻസ്, കയർ വകുപ്പ് മന്ത്രി |
| 11. | ശ്രീ. ടോണി ചമ്മണി | കായിക പ്രേമികൾക്ക് ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ തടസ്സമില്ലാതെ കാണുന്നതിന് വൈദ്യുതി വിതരണം ഉറപ്പാക്കുന്നത് സംബന്ധിച്ച് | ബഹു. വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി |
| 12. | ശ്രീ. പി. പ്രസാദ് | വേമ്പനാട് കായലിൽ നിന്ന് അശാസ്ത്രീയമായി മണലെടുക്കുന്നത് അവസാനിപ്പിക്കാൻ നടപടി | ബഹു. ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി |
| 13. | ശ്രീ. വി. മുരളീധരൻ | കഴക്കൂട്ടത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി | ബഹു.ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 14. | ശ്രീ. മുഹമ്മദ് ഷിയാസ് | കൊച്ചി മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി | ബഹു. ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി |
| 15. | ശ്രീ. എം. എസ്. അരുൺ കുമാർ | മാവേലിക്കരയിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടി | ബഹു. ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി |
| 16. | ശ്രീ. എൻ. കെ. അക്ബർ | ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് | ബഹു. ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി |
| 17. | ശ്രീ. റോയ് കെ. പൗലോസ് | ഇടുക്കി മെഡിക്കൽ കോളേജിലെ അപര്യാപ്തതകൾ സംബന്ധിച്ച് | ബഹു. ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി |
| 18. | ശ്രീ. നീലകണ്ഠൻ | കാസർഗോഡ് ജില്ലയിലെ ആശുപത്രികളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് | ബഹു. ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി |
| 19. | ശ്രീ. ഫൈസൽ ബാബു | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് | ബഹു. ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 20. | ശ്രീ. സേനാപതി വേണു | നെടുങ്കണ്ടം താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി | ബഹു. ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി |
| 21. | ശ്രീ. കുറുക്കോളി മൊയ്തീൻ | നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി | ബഹു. ഗതാഗത വകുപ്പ് മന്ത്രി |
| 22. | ശ്രീ. രാജൻ ജെ. പല്ലൻ | തൃശ്ശൂർ കെ.എസ്.ആർ.ടി.സി ബസ്സ്റ്റാൻഡ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് | ബഹു. ഗതാഗത വകുപ്പ് മന്ത്രി |
| 23. | ശ്രീമതി ഫാത്തിമ തഹിലിയ | പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് | ബഹു. ഗതാഗത വകുപ്പ് മന്ത്രി |
| 24. | ശ്രീ. വിനു ജോബ് കുഴിമണ്ണിൽ | ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് ടെർമിനൽ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് | ബഹു. ഗതാഗത വകുപ്പ് മന്ത്രി |
| 25. | ശ്രീമതി.വിദ്യാ ബാലകൃഷ്ണൻ | പുതിയങ്ങാടി - ഉള്ളിയേരി -കുറ്റിയാടി - ചൊവ്വ റോഡിന്റെ സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നത് സംബന്ധിച്ച് | ബഹു. റവന്യൂ വകുപ്പ് മന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 26. | ശ്രീ. മുഹമ്മദ് മുഹസിൻ | പട്ടാമ്പി മണ്ഡലത്തിൽ പ്ലസ് വൺ സീറ്റ് വർധിപ്പിക്കുന്നത് സംബന്ധിച്ച് | ബഹു. പൊതുവിദ്യാഭ്യാസ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി |
| 27. | പ്രൊഫ. സി. രവീന്ദ്രനാഥ് | മണലൂർ നിയോജക മണ്ഡലത്തിൽ തൃശ്ശൂർ-കാഞ്ഞാണി - വാടാനപ്പിള്ളി റോഡ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി | ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| 28. | ശ്രീ. സന്ദീപ് വാര്യർ | തൃക്കരിപ്പൂരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത. | ബഹു. കായികം, യുവജനകാര്യം രജിസ്ട്രേഷൻ, മ്യൂസിയം,പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി |

സബ്മിഷനുകളുടെ എണ്ണം കൂടുതലായതിനാൽ അതാത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന മേശപ്പുറത്ത് വച്ചു.

<u>മേശപ്പുറത്തു വച്ച കടലാസ്സുകൾ:</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വച്ചു.

ചട്ടം 236 (6) പ്രകാരമുള്ള കടലാസുകൾ

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXI– ഭവന നിർമ്മാണം | 2025-26 | സൈനികക്ഷേമ വകുപ്പ് (അംഗഭംഗം സംഭവിച്ച വിമുക്ത ഭടന്മാർക്ക് വീട് നിർമ്മാണ ധനസഹായം) |

| | | |
|---|---|---|
| XLVI– സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2025-26 | കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ (സമുന്നതി) |
| XXXVII– വ്യവസായങ്ങൾ | 2025-26 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| XXXVII– വ്യവസായങ്ങൾ | 2025-26 | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് |

റിപ്പോർട്ട് സമർപ്പണം

സംസ്ഥാനത്ത് സർഫാസി ആക്റ്റ് പ്രകാരമുള്ള നടപടികൾ മൂലമുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച പതിനാലാം കേരള നിയമസഭയിലെ അഡ്ഹോക് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ് സഭയിൽ സമർപ്പിച്ചു.

രാഷ്ട്രപതിയുടെ റഫറൻസ് :

കേരള നിയമസഭയുടെ അഭിപ്രായം ആരായുന്നതിനായി ആദരണീയയായ ഇന്ത്യൻ രാഷ്ട്രപതി ഭരണഘടനയുടെ അനുച്ഛേദം 3-ന്റെ ക്ലിപ്തനിബന്ധന പ്രകാരം റഫർ ചെയ്തിട്ടുള്ള The Kerala (Alteration of Name) Bill, 2026 സഭ പരിഗണിക്കുകയും ബില്ലിലെ എല്ലാ ഖണ്ഡങ്ങളോടും ഐകകണ്ഠ്യേന യോജിക്കുകയും ചെയ്തു.

കേരള നിയമസഭയുടെ ചരിത്രത്തിലാദ്യമായാണ് ഇത്തരമൊരു റഫറൻസ് ലഭിച്ചിരിക്കുന്നതെന്നും സഭയുടെ അഭിപ്രായം കേന്ദ്രസർക്കാർ മുഖേന ആദരണീയയായ രാഷ്ട്രപതിയെ അറിയിക്കുമെന്നും സ്പീക്കർ സഭയെ അറിയിച്ചു.

ചട്ടം 118 അനുസരിച്ചുള്ള ഗവൺമെന്റ് പ്രമേയം :

വിദേശ സംഭാവന (നിയന്ത്രണ) നിയമഭേദഗതി നിർദ്ദേശവും ചട്ടഭേദഗതിയും അടിയന്തരമായി പിൻവലിക്കണമെന്ന് കേന്ദ്രസർക്കാരിനോടാവശ്യപ്പെടുന്ന ഒരു പ്രമേയം ചട്ടം 118 പ്രകാരം മുഖ്യമന്ത്രി അവതരിപ്പിച്ചു.

ശ്രീ. വി. മുരളീധരൻ, ശ്രീ. പി. പ്രസാദ് എന്നിവർ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു. ഇതിൽ ശ്രീ. പി. പ്രസാദ് അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതി സഭ അംഗീകരിച്ചു.

പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡികയിലെ "ട്രസ്റ്റിമാർ, പാർട്ണർമാർ" എന്നീ വാക്കുകൾക്ക് ശേഷം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

"ഹിന്ദു അവിഭക്ത കുടുംബ കാരണവർ, ഭരണ സമിതി അംഗങ്ങൾ, സംഘടനയെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നവർ"

അംഗീകരിച്ച മേൽഭേദഗതിയോടുകൂടിയ താഴെപ്പറയുന്ന പ്രമേയം സഭ പാസ്സാക്കി.

"വിദേശ സംഭാവന നിയന്ത്രണ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്രസർക്കാർ 2026 ജൂൺ 22 - ന് പുറപ്പെടുവിച്ച ചട്ടങ്ങളിലെ (Foreign Contribution (Regulation) Amendment Rules, 2026) വ്യവസ്ഥകൾ രാജ്യത്തെയും പ്രത്യേകിച്ച് കേരളത്തിലെയും സാമൂഹിക, ആരോഗ്യ, വിദ്യാഭ്യാസ, കാരുണ്യ മേഖലകളിൽ പ്രവർത്തിക്കുന്ന സന്നദ്ധ ചാരിറ്റി സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ്. ദശാബ്ദങ്ങളായി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യം, അശരണർക്കുള്ള ചികിത്സാ സഹായം, ഭിന്നശേഷിക്കാരുടെ പുനരധിവാസം, ദുരന്തനിവാരണ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ സർക്കാർ സംവിധാനങ്ങൾക്ക് വലിയ തോതിൽ പിന്തുണയേകുന്ന സേവനമാണ് സംസ്ഥാനത്തെ രജിസ്റ്റർ ചെയ്യപ്പെട്ട സന്നദ്ധ സംഘടനകൾ നിർവ്വഹിക്കുന്നത്.

സുതാര്യത ഉറപ്പാക്കാനെന്ന പേരിൽ വിദേശ സംഭാവന നിയന്ത്രണ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയും പാർലമെന്റിൽ അവതരിപ്പിച്ച Foreign Contribution (Regulation) Amendment Bill, 2026 - ലെ വ്യവസ്ഥകളും യഥാർത്ഥത്തിൽ സിവിൽ സൊസൈറ്റി സംഘടനകളുടെ സ്വയംഭരണാവകാശത്തെയും ജനാധിപത്യപരമായ പ്രവർത്തന സ്വാതന്ത്ര്യത്തെയും ഇല്ലാതാക്കുന്നതാണ്.

പൊതുവായ ലക്ഷ്യങ്ങൾക്ക് വിദേശ സംഭാവന അനുവദിച്ചിരുന്നതിന് പകരം സാമൂഹികം, വിദ്യാഭ്യാസം, സാംസ്കാരികം, സാമ്പത്തികം, മതം എന്നീ 5 വിഭാഗങ്ങളിലായി നിർദ്ദേശിച്ചിട്ടുള്ള 105 മേഖലകളിലേക്ക് സംഘടനകളുടെ പ്രവർത്തന മേഖല പരിമിതപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഒരു സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സംഘടനയ്ക്ക് മറ്റൊരു സംസ്ഥാനത്ത് പ്രവർത്തിക്കണമെങ്കിൽ വീണ്ടും രജിസ്ട്രേഷൻ എടുക്കണം എന്നതും സന്നദ്ധ പ്രവർത്തനങ്ങളെ പ്രായോഗികമായി തടസ്സപ്പെടുത്തുന്ന നിബന്ധനയാണ്.

സ്വീകരിക്കുന്ന വിദേശഫണ്ടിന്റെ ആദ്യ ഗഡു ഉപയോഗിച്ചുവെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടാൽ മാത്രമേ തുടർന്നുള്ള ഗഡുക്കൾ നൽകൂ എന്ന വ്യവസ്ഥ പദ്ധതികൾ കൃത്യസമയത്ത് പൂർത്തിയാക്കാൻ തടസ്സമാകുന്നതാണ്.

ചട്ടലംഘനം നടത്തിയാൽ ലഭിച്ച സംഭാവനയുടെ 30% വരെ കനത്ത പിഴ ഈടാക്കമെന്ന വ്യവസ്ഥ ചെറിയ സാങ്കേതിക പിഴവുകളുടെ പേരിൽ പോലും മാതൃകാപരമായി പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളുടെയും സാമ്പത്തികഭദ്രത ഇല്ലാതാക്കുന്ന സമീപനമാണ്.

സംഘടനയുമായി ബന്ധപ്പെട്ട വ്യക്തികളുടെയും ഭാരവാഹികളുടെയും വ്യക്തിപരമായ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ, വെബ്സൈറ്റുകൾ എന്നിവ നിർബന്ധമായും വെളിപ്പെടുത്തണമെന്ന വ്യവസ്ഥ പൗരന്മാരുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണ്. സ്ഥാപനവുമായോ മാനേജ്മെന്റുമായോ ബന്ധപ്പെട്ടവരോ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പുസ്തകം, മാസിക, വാർത്താ മാധ്യമങ്ങളിലൂടെയുള്ള പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ നടത്തിയിട്ടുണ്ടെങ്കിൽ ഉള്ളടക്കത്തിന്റെ ചുരുക്കം ഉൾപ്പെടെ വിശദാംശങ്ങൾ നൽകണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭരണഘടന ഉറപ്പുനൽകുന്ന ആവിഷ്കാര സ്വാതന്ത്ര്യത്തിനുമേൽ ഭരണകൂട നിയന്ത്രണം ഏർപ്പെടുത്തുന്നതിന് സമാനമായ വ്യവസ്ഥയാണിത്.

'കീ ഫങ്ഷണറി' (Key Functionary) എന്ന പദത്തിന്റെ പരിധി ഡയറക്ടർമാർ, ട്രസ്റ്റിമാർ, പങ്കാളികൾ എന്നിവരിലേക്ക് വിപുലീകരിക്കുന്നതിലൂടെ ഭാരവാഹികൾക്കും ഡയറക്ടർമാർക്കും പുറമേ ട്രസ്റ്റിമാർ, പാർട്ണർമാർ, ഹിന്ദു അവിഭക്ത കുടുംബ കാരണവർ, ഭരണസമിതി അംഗങ്ങൾ, സംഘടനയെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നവർ എന്നിവരെക്കൂടി പരിധിയിൽ കൊണ്ടുവരികയും, നിയമലംഘനങ്ങൾക്ക് ഇവരെക്കൂടി ഉത്തരവാദികളാക്കി കടുത്ത ശിക്ഷാനടപടികൾക്ക് വിധേയമാക്കുകയും ചെയ്യുന്നു. സാങ്കേതികമായ എന്തെങ്കിലും നിയമലംഘനം നടന്നാൽപ്പോലും ഇവർ വ്യക്തിപരമായി ശിക്ഷിക്കപ്പെടാമെന്നത് സാമൂഹിക സേവന, സന്നദ്ധ പ്രവർത്തനരംഗത്തേക്ക് കടന്നുവരാൻ താല്പര്യപ്പെടുന്ന പ്രമുഖ വ്യക്തികളെയും വിദഗ്ധരെയും നിരുത്സാഹപ്പെടുത്തുന്ന സമീപനമാണ്.

2026 - ലെ വിദേശ സംഭാവന (നിയന്ത്രണ) ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ പ്രകാരം ഒരു സംഘടനയുടെ എഫ്.സി.ആർ.എ. ലൈസൻസ് റദ്ദാക്കുകയോ, സസ്പെൻഡ് ചെയ്യുകയോ, പുതുക്കാതിരിക്കുകയോ ചെയ്താൽ, ആ സംഘടന വിദേശ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആസ്തികൾ ഏറ്റെടുക്കാൻ സർക്കാരിന് ഒരു ഡെസിഗ്നേറ്റഡ് അതോറിറ്റിയെ (Designated Authority) നിയമിക്കാവുന്നതാണ്. പ്രസ്തുത അതോറിറ്റിക്ക് ലൈസൻസ് റദ്ദാക്കപ്പെടുന്ന സംഘടനകളുടെ സ്വത്തുക്കൾ പൂർണ്ണമായി കണ്ടുകെട്ടാനും കൈകാര്യം ചെയ്യാനും വിൽക്കാനുമുള്ള വിപുലമായ അധികാരം നൽകുന്നു. കോടതിയുടെ മുൻകൂർ അനുമതിയോ കൃത്യമായ ജുഡീഷ്യൽ പരിശോധനയോ ഇല്ലാതെ, ഒരു ഭരണപരമായ ഉത്തരവിലൂടെ സംഘടനകളുടെ വർഷങ്ങളുടെ അധ്വാനഫലം കൈക്കലാക്കുന്നത് സ്വാഭാവിക നീതിയുടെ ലംഘനവും നിയമവാഴ്ചയുടെ അടിസ്ഥാന സങ്കൽപ്പങ്ങൾക്ക് വിരുദ്ധവുമാണ്.

വിദേശ ഫണ്ടുകൾ കൈമാറുന്നതിനും (Sub-Granting) ബാങ്ക് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനും ഏർപ്പെടുത്തിയ കടുത്ത നിയന്ത്രണങ്ങൾ താഴെത്തട്ടിൽ

ജനസേവനം നടത്തുന്ന ചെറുകിട കൂട്ടായ്മകളുടെ നിലനിൽപ്പിനെത്തന്നെ ബാധിച്ചിരിക്കുന്നു. നിയമവിരുദ്ധമായ ഫണ്ടിംഗുകൾ തടയപ്പെടേണ്ടതാണെന്ന കാര്യത്തിൽ തർക്കമില്ലെങ്കിലും, സുതാര്യമായി പ്രവർത്തിക്കുന്ന കാരുണ്യ പ്രസ്ഥാനങ്ങളുടെ പ്രവർത്തനംപോലും പ്രായോഗികമായി അസാധ്യമാക്കുന്ന രീതിയിലാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ഇത്തരം കർശനമായ ഭേദഗതികൾ വഴി കോടിക്കണക്കിന് രൂപയുടെ വിദേശസഹായമാണ് സാധാരണക്കാരായ ജനങ്ങളിലേക്ക് എത്താതിരിക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ സാമൂഹിക വികസന സൂചികകളെപ്പോലും ദോഷകരമായി ബാധിക്കുന്നതാണ്.

'മതപരിവർത്തന ശ്രമങ്ങൾ' (Proselytisation) എന്ന വ്യക്തമായി നിർവചിക്കപ്പെടാത്ത പ്രയോഗം ചട്ടഭേദഗതിയിലൂടെ ഉൾപ്പെടുത്തിയിരിക്കുന്നത്, തദ്ദേശീയരുടെയും ആദിവാസികളുടെയും വിശ്വാസരീതികൾ, ആചാരങ്ങൾ, ആരാധനാ സമ്പ്രദായങ്ങൾ എന്നിവയിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നു എന്ന് ആരോപിച്ച് സന്നദ്ധ സംഘടനകളുടെ ലൈസൻസ് റദ്ദാക്കുവാൻ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടാവുന്നതാണ്. ഇത് പിന്നാക്ക, ട്രൈബൽ മേഖലകളിലെ ജീവകാരുണ്യ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ്.

ആയതിനാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 19, 25, 29 എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കുന്നതും ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായതും രാജ്യത്ത് മാതൃകാപരമായി പ്രവർത്തിക്കുന്ന സന്നദ്ധ സേവന സംഘടനകളുടെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കുന്നതുമായ വിദേശ സംഭാവന നിയന്ത്രണ നിയമ ഭേദഗതി നിർദേശവും (Foreign Contribution (Regulation) Amendment Bill, 2026) ചട്ട ഭേദഗതിയും (Foreign Contribution (Regulation) Amendment Rule, 2026) അടിയന്തരമായി പിൻവലിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു."

<u>ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന</u> :

സംസ്ഥാനത്തെ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി ശ്രീ. സണ്ണി ജോസഫ് ചട്ടം 300 അനുസരിച്ച് താഴെപ്പറയുന്ന പ്രസ്താവന നടത്തി:

"സംസ്ഥാനത്ത് കഴിഞ്ഞ ചില ദിവസങ്ങളിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്ന സാഹചര്യത്തെക്കുറിച്ച് ഏവർക്കും അറിയുന്നതാണല്ലോ. വൈദ്യുതി ലഭ്യതയും വൈദ്യുതി ആവശ്യകതയും തമ്മിൽ വലിയ അന്തരം ഉണ്ടായ ഒരു സാഹചര്യത്തിലാണ് നിയന്ത്രണം വേണ്ടിവന്നത്. മഴയുടെ ലഭ്യതക്കുറവ് മൂലം സംസ്ഥാനത്തെ സംഭരണ ഡാമുകളിലേക്കുള്ള നീരൊഴുക്ക് സാരമായി കുറഞ്ഞിട്ടുണ്ട്. അന്തരീക്ഷ താപനില ഉയർന്ന നിലയിൽത്തന്നെ തുടർന്നതിനാൽ വൈദ്യുതിയുടെ ഉപഭോഗം വളരെയധികം വർദ്ധിച്ചു. പസഫിക് സമുദ്രത്തിൽ എൽനിനോ പ്രതിഭാസം വന്നതിനെ തുടർന്ന് അന്തരീക്ഷ

ഊഷ്മാവ് വർദ്ധിച്ചതിനാൽ രാജ്യത്താകെ വൈദ്യുതി ലഭ്യതയിൽ വൻതോതിലുള്ള കുറവ് ഉണ്ടായതായി കെ.എസ്.ഇ.ബി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ജൂൺ ഒന്നിന് തന്നെ മൺസൂൺ എത്തിയെങ്കിലും മഴ വേണ്ടത്ര ശക്തി പ്രാപിക്കാത്തതിനാൽ അന്തരീക്ഷ താപനില കാര്യമായി കുറഞ്ഞിട്ടില്ല. പ്രതിദിനം ശരാശരി 4100 മെഗാവാട്ടിന്റെ ആവശ്യകതയാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും 4900 മെഗാവാട്ട് വരെ ഉയരുന്ന സ്ഥിതിയുണ്ട്. ആഭ്യന്തര ഉൽപ്പാദനമായ 1700 മെഗാവാട്ടും കേന്ദ്രനിലയങ്ങളിൽ (Central Generating Stations) നിന്നുള്ള 1701 മെഗാവാട്ടും ദീർഘകാല കരാറുകളിൽ (LTA - Long Term Agreement) നിന്നുള്ള 612 മെഗാവാട്ടും പൂർണ്ണതോതിൽ ലഭിക്കുമ്പോഴും മേൽപ്പറഞ്ഞ കാരണങ്ങളാൽ ഏതാണ്ട് 900 മെഗാവാട്ട് വൈദ്യുതിയുടെ കുറവ് നിലവിലുണ്ട്. ഈ വർഷം വേനൽക്കാലത്തെ വൈദ്യുതി ഉപയോഗം നേരിടുന്നതിനായി ഇതരസംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി കടം വാങ്ങിയിരുന്നു (Swap import). ജൂൺ 16 മുതൽ തിരികെ നൽകാമെന്ന കരാറിലാണ് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഈ വൈദ്യുതി വായ്പയായി വാങ്ങിയത്. പ്രസ്തുത വൈദ്യുതിയുടെ Swap return-ന് വേണ്ടി പ്രതിദിനം 6.58 MU (Million Unit) നൽകേണ്ടതായിട്ടുണ്ട്. Swap return 2026 സെപ്റ്റംബർ വരെയുണ്ട്.

നിലവിൽ ജലസംഭരണ അണക്കെട്ടുകളിലേക്കുള്ള നീരൊഴുക്ക് വളരെ കുറഞ്ഞതിനാൽ ജലസംഭരണം 870 MU (21%) മാത്രമാണ്. കഴിഞ്ഞ വർഷം ഇതേ സമയം ഇത് 2475 MU (59%) ആയിരുന്നു. ഇപ്പോഴത്തെ കണക്കുകൾ അനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 88-90 മില്ല്യൺ യൂണിറ്റാണ്. ഇതിൽ ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതി പ്രതിദിനം 15-16 മില്ല്യൺ യൂണിറ്റ് മാത്രമാണ്. പുറമേ നിന്നും ഏകദേശം 74-75 MU വൈദ്യുതി വാങ്ങേണ്ടിവരുന്നു. അങ്ങനെ സംസ്ഥാനത്തിന്റെ പ്രതിദിന വൈദ്യുതി ആവശ്യകതയുടെ ഏകദേശം 17-18 % മാത്രമാണ് ആഭ്യന്തര ഉത്പാദനം. 82 - 83% പുറമേ നിന്നും വാങ്ങുന്നു.

കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം പ്രധാനമായും ജലവൈദ്യുതിയെ ആശ്രയിക്കുന്നതിനാൽ മഴയുടെ ലഭ്യത അനുസരിച്ച് വർഷംതോറും ഉൽപ്പാദനം വ്യത്യാസപ്പെടുന്നു. ജലവൈദ്യുതി ഉൽപ്പാദനത്തിന്റെ നിലവിലെ സ്ഥാപിതശേഷി 2196 മെഗാവാട്ട് ആണ്. കഴിഞ്ഞ 10 വർഷക്കാലയളവിൽ ആകെ 150.636 മെഗാവാട്ടിന്റെ വർദ്ധനവ് മാത്രമാണ് ജലവൈദ്യുത പദ്ധതികൾ വഴി ആഭ്യന്തര ഉൽപ്പാദനത്തിൽ കൈവരിക്കാൻ കഴിഞ്ഞത്. ഇത് ജലവൈദ്യുതിയുടെ സംസ്ഥാനത്തെ സ്ഥാപിതശേഷിയുടെ കേവലം 6.8 ശതമാനവും ആവശ്യകതയുടെ (ശരാശരി 5000 മെഗാവാട്ട്) 3 ശതമാനവും മാത്രമാണ് എന്ന വസ്തുത നിലനിൽക്കുന്നു. സൗരോർജ്ജ മേഖലയിൽ ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുള്ളതിൽ ഏതാണ്ട് മുഴുവനും ബാറ്ററി സംഭരണശേഷിയില്ലാത്തതാണ്. ഇതിൽ ഭൂരിഭാഗവും സ്വകാര്യ വ്യക്തികളുടേയോ സംരംഭങ്ങളുടേയോ ആണ്.

CUF (ക്യൂമുലേറ്റീവ് യൂട്ടിലൈസേഷൻ ഫാക്ടർ) കണക്കിലെടുക്കുമ്പോൾ, സോളാറിൽ സ്ഥാപിതശേഷിയുടെ 11.43 ശതമാനം മാത്രമാണ് ഊർജ്ജമായി ലഭിക്കുന്നത് . മഴയുടെ ലഭ്യതക്കുറവ് കണക്കിലെടുത്ത് DEEP ( Discovery of Efficient Electricity Price) കരാറുകൾക്കുള്ള പരിശ്രമം കെ.എസ്.ഇ.ബി. നടത്തിയിരുന്നുവെങ്കിലും രാജ്യത്തെ എൽനിനോ പ്രതിസന്ധി കാരണം വിജയിച്ചില്ല. ഈയൊരു സാഹചര്യത്തിലാണ് വൈദ്യുതിനിയന്ത്രണം ഉണ്ടായത്. ഈ മാസം 16 മുതൽ 19 വരെയും 26-ാം തീയതിയുമാണ് നിയന്ത്രണം ഉണ്ടായത്. 2026 ഏപ്രിൽ മാസം 22 മുതൽ 27-ാം തീയതി വരെയും മെയ് മാസം 11, 12, 20, 21 തീയതികളിലും ഇതുപോലെ വൈദ്യുതിനിയന്ത്രണം ഉണ്ടായിട്ടുണ്ട്. പീക്ക് സമയത്തെ അധിക വൈദ്യുതി ആവശ്യകത നേരിടുന്നത് ഉയർന്ന വിലയ്ക്ക് പുറമേനിന്ന് വൈദ്യുതി വാങ്ങിയാണ്. പകൽസമയത്ത് സോളാറിൽ നിന്നും മറ്റും വൈദ്യുതി ലഭ്യമാകുന്നതിനാൽ വളരെ കുറഞ്ഞ നിരക്കിൽ വൈദ്യുതി കിട്ടുമെങ്കിലും പീക്ക് സമയങ്ങളിൽ യൂണിറ്റിന് 10 (പത്ത്) രൂപ വരെ നൽകേണ്ടിവരുന്നു. ആഭ്യന്തര വൈദ്യുതി ഉൽപ്പാദനശേഷി കാര്യമായി വർദ്ധിപ്പിക്കുന്നതും ലാഭകരമായ ദീർഘകാലകരാറുകളിൽ ഏർപ്പെടുന്നതുമാണ് ഇതിനുള്ള പരിഹാരം. നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ കപ്പാസിറ്റി അഡിഷൻ/എക്സ്റ്റൻഷൻ സംബന്ധിച്ച് പഠനങ്ങളും പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ നടപടികളും നടക്കുന്നുണ്ടെങ്കിലും ഇതെല്ലാം കൂടുതൽ സമയമെടുക്കുന്നതാണ്. പീക്ക് സമയങ്ങളിലെ ആവശ്യകത നേരിടാൻ ബാറ്ററി എനർജി സ്റ്റോറേജ് പദ്ധതികൾക്ക് (BESS) മുൻഗണന നൽകി സമയബന്ധിതമായി നടപ്പാക്കാനുദ്ദേശിക്കുന്നു. നിലവിലുള്ള ആറ് BESS പദ്ധതികൾ (മൈലാട്ടി, ശ്രീകണ്ഠാപുരം, മുള്ളേരിയ, അരീക്കോട്, പോത്തൻകോട്, ബ്രഹ്മപുരം) കമ്മീഷൻ ചെയ്യുന്നതോടെ കപ്പാസിറ്റിയിൽ 500 മെഗാവാട്ട് വർദ്ധിപ്പിക്കാനും, എനർജി സംഭരണശേഷിയിൽ 1500 മെഗാവാട്ട് അവർ വർദ്ധിപ്പിക്കാനും കഴിയും. ഇതിൽ 5 പദ്ധതികളും 2026 അവസാനത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാത്രമല്ല DEEP (Discovery of Efficient Electricity Price) പോർട്ടൽ മുഖേന 15-6-2026 മുതൽ 31-12-2026 വരെ ഷോർട്ട് ടേം പവർ പർച്ചേസ് നടത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും താരിഫ് അംഗീകരിച്ചുകൊണ്ടും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 29-6-2026-ൽ ഉത്തരവായിട്ടുണ്ട്. മേൽസൂചിപ്പിച്ച നടപടികളിലൂടെ സംസ്ഥാനത്തെ വൈദ്യുതിപ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പീക്ക് സമയങ്ങളിൽ വൈദ്യുതി ഉപയോഗം കഴിയുന്നത്ര കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണവും ആവശ്യമാണ്. വൈദ്യുതിയുടെ വിതരണം നല്ല നിലയിലാക്കുന്നതിനും പരാതികളും പ്രശ്നങ്ങളും കഴിയുന്നത്ര പരിഹരിക്കുന്നതിനും ശ്രമിച്ചുവരുന്നു. ഇതിലേക്ക് ഏവരുടേയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു."

നിയമനിർമ്മാണകാര്യം :

i) 2026 -ലെ കേരള ധനകാര്യ (3 -ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ 2026 -ലെ കേരള ധനകാര്യ (3 -ാം നമ്പർ) ബില്ലും, ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അവതരിപ്പിച്ചു

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു)

ബില്ലിനെ സംബന്ധിച്ച പൊതു ചർച്ച ആരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ഡോ. മാത്യൂ കുഴൽനാടൻ

ശ്രീ. പി. എം. എ. സമീർ

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. വി. മുരളീധരൻ

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. സജീവ് ജോസഫ്

ശ്രീ. രമേശ് പിഷാരടി

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സി. കെ. കാസിം

ശ്രീ. കെ. പി. നൗഷാദ് അലി

തുടർന്ന് ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും 4-ാം വകുപ്പിന്റെ ഔദ്യോഗിക ഭേദഗതിയോടുകൂടി പാസ്സാക്കുകയും ചെയ്തു.

ii) 2026 -ലെ കേരള ധനവിനിയോഗ (3 -ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ 2026-ലെ കേരള ധനവിനിയോഗ (3 -ാം നമ്പർ) ബില്ലും, ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അവതരിപ്പിച്ചു

ബില്ലിനെ സംബന്ധിച്ച പൊതു ചർച്ച ആരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. എം. ആർ. ബൈജു

ശ്രീ. കെ. പ്രവീൺ കുമാർ

തുടർന്ന് ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതി കൂടാതെ പാസ്സാക്കുകയും ചെയ്തു.

സ്പീക്കർ പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിന്റെ ഹ്രസ്വമായ അവലോകനം നടത്തി.

തുടർന്ന്, സഭ അനിശ്ചിതകാലത്തേക്ക് പിരിയണമെന്ന ഉപക്ഷേപം മുഖ്യമന്ത്രി അവതരിപ്പിക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തു.

വൈകിട്ട് 4.21 – ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു

ഷാജി സി. ബേബി,

*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

# SIXTEENTH KERALA LEGISLATIVE ASSEMBLY

First Session

# BULLETIN—PART I

( Brief Record of Proceedings )

*Wednesday, July 1, 2026.*

**No. 13**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

Shri G. R. Anil and two other members had given notice for an adjournment motion to discuss the urgent situation wherein Local Self-Government Institutions have come to a standstill due to the cut in plan funds and the denial of spillover in the 2026-27 budget. On the ground of the explanation from the Chief Minister the Speaker denied leave to present the motion for adjournment.

*Calling Attention:*

1. Shri Saneeshkumar Joseph called the attention of the Chief Minister to the challenges faced by the Lottery sector in the State due to the decline in lottery ticket sales. The Chief Minister made a statement thereto.

2. Shri A. Prabhakaran called the attention of the Minister for Co-operation and Excise to the necessity to take measures to protect the traditional and indigenous toddy tapping industry from its decline. The Minister for Co-operation and Excise made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| നം. | അംഗം | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1. | ശ്രീ. പിണറായി വിജയൻ | വിഴിഞ്ഞം ഇറമുഖത്തിൽ എം. എസ്. സി.യുടെ നിക്ഷേപം സംബന്ധിച്ച് | ബഹു. മുഖ്യമന്ത്രി |
| 2. | ശ്രീ. ജി. സുധാകരൻ | തോട്ടപ്പള്ളി കരിമണൽ ഖനനം സംബന്ധിച്ച് | ബഹു. മുഖ്യമന്ത്രി |
| 3. | ശ്രീ. സജി ചെറിയാൻ | മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി | ബഹു. മുഖ്യമന്ത്രി |
| 4. | ശ്രീ. കെ. എൻ. ബാലഗോപാൽ | കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിന് നടപടി | ബഹു. മുഖ്യമന്ത്രി |
| 5. | ശ്രീ. പി. എം. എ. സമീർ | സംസ്ഥാനത്ത് ഡയറക്ട്, ഇൻഡയറക്ട് വരുമാനം ജനറേറ്റ് ചെയ്യുന്നതിനുള്ള നടപടി സംബന്ധിച്ച് | ബഹു. മുഖ്യമന്ത്രി |
| 6. | ശ്രീ. ഷിബു തെക്കുംപുറം | തങ്കളം കാക്കനാട് റോഡ് നിർമ്മാണം പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത | ബഹു. മുഖ്യമന്ത്രി |
| 7. | ശ്രീ. കെ. പ്രവീൺ കുമാർ | കോഴിക്കോട് സൗത്ത് ബീച്ച് വികസനവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ സംബന്ധിച്ച് | ബഹു. മുഖ്യമന്ത്രി |
| 8. | ശ്രീ. അപ്പു ജോൺ ജോസഫ് | രാസലഹരിയ്ക്ക് അടിമപ്പെട്ടവരെ തിരികെ കൊണ്ടുവരാൻ നടപടി | ബഹു. ആഭ്യന്തരം - വിജിലൻസ്, കയർ വകുപ്പ് മന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9. | ശ്രീ. ടി. ഒ. മോഹനൻ | റിമാൻഡ് തടവുകാരന് മാനുഷിക പരിഗണന നൽകുന്നത് സംബന്ധിച്ച് | ബഹു. ആഭ്യന്തരം - വിജിലൻസ്, കയർ വകുപ്പ് മന്ത്രി |
| 10. | ശ്രീ. സി. കെ. കാസിം | പോലീസ് എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തുന്നത് സംബന്ധിച്ച് | ബഹു. ആഭ്യന്തരം - വിജിലൻസ്, കയർ വകുപ്പ് മന്ത്രി |
| 11. | ശ്രീ. ടോണി ചമ്മണി | കായിക പ്രേമികൾക്ക് ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ തടസ്സമില്ലാതെ കാണുന്നതിന് വൈദ്യുതി വിതരണം ഉറപ്പാക്കുന്നത് സംബന്ധിച്ച് | ബഹു. വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി |
| 12. | ശ്രീ. പി. പ്രസാദ് | വേമ്പനാട് കായലിൽ നിന്ന് അശാസ്ത്രീയമായി മണലെടുക്കുന്നത് അവസാനിപ്പിക്കാൻ നടപടി | ബഹു. ജലവിഭവ – ഭവനനിർമ്മാണ വകുപ്പ് മന്ത്രി |
| 13. | ശ്രീ. വി. മുരളീധരൻ | കഴക്കൂട്ടത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി | ബഹു. ജലവിഭവ – ഭവനനിർമ്മാണ വകുപ്പ് മന്ത്രി |
| 14. | ശ്രീ. മുഹമ്മദ് ഷിയാസ് | കൊച്ചി മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി | ബഹു. ജലവിഭവ – ഭവനനിർമ്മാണ വകുപ്പ് മന്ത്രി |
| 15. | ശ്രീ. എം. എസ്. അരുൺ കുമാർ | മാവേലിക്കരയിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടി | ബഹു. ജലവിഭവ – ഭവനനിർമ്മാണ വകുപ്പ് മന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 16. | ശ്രീ. എൻ. കെ. അക്ബർ | ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് | ബഹു. ആരോഗ്യ – ദേവസ്വം വകുപ്പ മന്ത്രി |
| 17. | ശ്രീ. റോയ് കെ. പൗലോസ് | ഇടുക്കി മെഡിക്കൽ കോളേജിലെ അപര്യാപ്തതകൾ സംബന്ധിച്ച് | ബഹു. ആരോഗ്യ – ദേവസ്വം വകുപ്പ മന്ത്രി |
| 18. | ശ്രീ. നീലകണ്ഠൻ | കാസർഗോഡ് ജില്ലയിലെ ആശുപത്രികളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് | ബഹു. ആരോഗ്യ – ദേവസ്വം വകുപ്പ മന്ത്രി |
| 19. | ശ്രീ. ഫൈസൽ ബാബു | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് | ബഹു. ആരോഗ്യ – ദേവസ്വം വകുപ്പ മന്ത്രി |
| 20. | ശ്രീ. സേനാപതി വേണു | നെടുങ്കണ്ടം താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി | ബഹു. ആരോഗ്യ - ദേവസ്വം വകുപ്പ മന്ത്രി |
| 21. | ശ്രീ. കുറുക്കോളി മൊയ്തീൻ | നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി | ബഹു. ഗതാഗത വകുപ്പ മന്ത്രി |
| 22. | ശ്രീ. രാജൻ ജെ. പല്ലൻ | തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ്റ്റാൻഡ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് | ബഹു. ഗതാഗത വകുപ്പ മന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 23. | ശ്രീമതി ഫാത്തിമ തഹിലിയ | പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് | ബഹു. ഗതാഗത വകുപ്പ് മന്ത്രി |
| 24. | ശ്രീ. വിനു ജോബ് കുഴിമണ്ണിൽ | ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് ടെർമിനൽ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് | ബഹു. ഗതാഗത വകുപ്പ് മന്ത്രി |
| 25. | ശ്രീമതി വിദ്യാ ബാലകൃഷ്ണൻ | പുതിയങ്ങാടി - ഉള്ളിയേരി -കുറ്റിയാടി - ചൊവ്വ റോഡിന്റെ സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നത് സംബന്ധിച്ച് | ബഹു. റവന്യൂ വകുപ്പ് മന്ത്രി |
| 26. | ശ്രീ. മുഹമ്മദ് മുഹസിൻ | പട്ടാമ്പി മണ്ഡലത്തിൽ പ്ലസ് വൺ സീറ്റ് വർധിപ്പിക്കുന്നത് സംബന്ധിച്ച് | ബഹു. പൊതുവിദ്യാഭ്യാസ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി |
| 27. | പ്രൊഫ. സി. രവീന്ദ്രനാഥ് | മണലൂർ നിയോജക മണ്ഡലത്തിൽ തൃശൂർ-കാഞ്ഞാണി - വാടാനപ്പിള്ളി റോഡ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി | ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| 28. | ശ്രീ. സന്ദീപ് വാര്യർ | തൃക്കരിപ്പൂരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത. | ബഹു. കായികം, യുവജനകാര്യം രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി |

In view of large number of submissions, the concerned Ministers placed their statements on the Table regarding the respective subjects.

1084/26

*Papers Laid on the Tale:*

The following papers were laid on the table:

*As per rule 236 (6):*

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXI—ഭവന നിർമ്മാണം | 2025-26 | സൈനിക ക്ഷേമ വകുപ്പ് (അംഗഭംഗം സംഭവിച്ച വിമുക്ത ഭടന്മാർക്ക് വീട് നിർമ്മാണ ധനസഹായം) |
| XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2025-26 | കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ (സമുന്നതി) |
| XXXVII—വ്യവസായങ്ങൾ | 2025-26 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| XXXVII—വ്യവസായങ്ങൾ | 2025-26 | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് |

*Presentation of Report*

The Secretary-in-Charge of Kerala Legislative Assembly presented the Action Taken Report on the recommendations of the Ad-Hoc Committee Report of the Fourteenth Kerala Legislative Assembly that studied the situation evolved by the implementation of SARFAESI Act in the State.

*Reference from the President:*

The House considered The Kerala (Alteration of Name) Bill, 2026, referred by the Honourable President of India under the proviso to Article 3 of the Constitution for seeking the opinion of the Kerala Legislative Assembly and unanimously adopted all its clauses.

The Hon'ble Speaker informed the House that this was the first time in the history of the Kerala Legislative Assembly that such a reference had been received.

*Government Resolution (Rule 118):*

Shri V. D. Satheesan, Chief Minister moved a resolution to urge the Central Government to repeal the amendments to the Foreign Contribution (Regulation) Act and Rules immediately under Rule 118.

Shri V. Muraleedharan and Shri P. Prasad moved amendments to the resolution. Out of these, the following amendment to the resolution was adopted by the house:

പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡികയിലെ "ട്രസ്റ്റിമാർ, പാർട്ണർമാർ" എന്നീ വാക്കുകൾക്ക് ശേഷം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

"ഹിന്ദു അവിഭക്ത കുടുംബ കാരണവർ, ഭരണ സമിതി അംഗങ്ങൾ, സംഘടനയെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നവർ"

Then the House adopted the following resolution as amended:

"വിദേശ സംഭാവന നിയന്ത്രണ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്രസർക്കാർ 2026 ജൂൺ 22-ന് പുറപ്പെടുവിച്ച ചട്ടങ്ങളിലെ (Foreign Contribution (Regulation) Amendment Rules, 2026) വ്യവസ്ഥകൾ രാജ്യത്തെയും പ്രത്യേകിച്ച് കേരളത്തിലെയും സാമൂഹിക, ആരോഗ്യ, വിദ്യാഭ്യാസ, കാരുണ്യ മേഖലകളിൽ പ്രവർത്തിക്കുന്ന സന്നദ്ധ ചാരിറ്റി സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ്. ദശാബ്ദങ്ങളായി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമം, വിദ്യാഭ്യാസം, ആരോഗ്യം, അശരണർക്കുള്ള ചികിത്സാ സഹായം, ഭിന്നശേഷിക്കാരുടെ പുനരധിവാസം, ദുരന്തനിവാരണ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ സർക്കാർ സംവിധാനങ്ങൾക്ക് വലിയ തോതിൽ പിന്തുണയേകുന്ന സേവനമാണ് സംസ്ഥാനത്തെ രജിസ്റ്റർ ചെയ്യപ്പെട്ട സന്നദ്ധ സംഘടനകൾ നിർവ്വഹിക്കുന്നത്.

സുതാര്യത ഉറപ്പാക്കാനെന്ന പേരിൽ വിദേശ സംഭാവന നിയന്ത്രണ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയും പാർലമെന്റിൽ അവതരിപ്പിച്ച Foreign Contribution (Regulation) Amendment Bill, 2026-ലെ വ്യവസ്ഥകളും യഥാർത്ഥത്തിൽ സിവിൽ സൊസൈറ്റി സംഘടനകളുടെ സ്വയംഭരണാവകാശത്തെയും ജനാധിപത്യപരമായ പ്രവർത്തന സ്വാതന്ത്ര്യത്തെയും ഇല്ലാതാക്കുന്നതാണ്.

പൊതുവായ ലക്ഷ്യങ്ങൾക്ക് വിദേശ സംഭാവന അനുവദിച്ചിരുന്നതിന് പകരം സാമൂഹികം, വിദ്യാഭ്യാസം, സാംസ്കാരികം, സാമ്പത്തികം, മതം എന്നീ 5 വിഭാഗങ്ങളിലായി നിർദ്ദേശിച്ചിട്ടുള്ള 105 മേഖലകളിലേക്ക് സംഘടനകളുടെ പ്രവർത്തന മേഖല പരിമിതപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഒരു സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സംഘടനയ്ക്ക് മറ്റൊരു സംസ്ഥാനത്ത് പ്രവർത്തിക്കണമെങ്കിൽ വീണ്ടും രജിസ്ട്രേഷൻ എടുക്കണം എന്നതും സന്നദ്ധ പ്രവർത്തനങ്ങളെ പ്രായോഗികമായി തടസ്സപ്പെടുത്തുന്ന നിബന്ധനയാണ്.

സ്വീകരിക്കുന്ന വിദേശഫണ്ടിന്റെ ആദ്യ ഗഡു ഉപയോഗിച്ചുവെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടാൽ മാത്രമേ തുടർന്നുള്ള ഗഡുക്കൾ നൽകൂ എന്ന വ്യവസ്ഥ പദ്ധതികൾ കൃത്യസമയത്ത് പൂർത്തിയാക്കാൻ തടസ്സമാകുന്നതാണ്.

ചട്ടലംഘനം നടത്തിയാൽ ലഭിച്ച സംഭാവനയുടെ 30% വരെ കനത്ത പിഴ ഈടാക്കുമെന്ന വ്യവസ്ഥ ചെറിയ സാങ്കേതിക പിഴവുകളുടെ പേരിൽ പോലും മാതൃകാപരമായി പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളുടെയും സാമ്പത്തികഭദ്രത ഇല്ലാതാക്കുന്ന സമീപനമാണ്.

സംഘടനയുമായി ബന്ധപ്പെട്ട വ്യക്തികളുടെയും ഭാരവാഹികളുടെയും വ്യക്തിപരമായ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ, വെബ്സൈറ്റുകൾ എന്നിവ നിർബന്ധമായും വെളിപ്പെടുത്തണമെന്ന വ്യവസ്ഥ പൗരന്മാരുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണ്. സ്ഥാപനവുമായോ മാനേജ്മെന്റുമായോ ബന്ധപ്പെട്ടവരോ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പുസ്തകം, മാസിക, വാർത്താമാധ്യമങ്ങളിലൂടെയുള്ള പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ നടത്തിയിട്ടുണ്ടെങ്കിൽ ഉള്ളടക്കത്തിന്റെ ചുരുക്കം ഉൾപ്പെടെ വിശദാംശങ്ങൾ നൽകണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭരണഘടന ഉറപ്പുനൽകുന്ന ആവിഷ്കാര സ്വാതന്ത്ര്യത്തിനുമേൽ ഭരണകൂട നിയന്ത്രണം ഏർപ്പെടുത്തുന്നതിന് സമാനമായ വ്യവസ്ഥയാണിത്.

'കീ ഫങ്ഷണറി' (Key Functionary) എന്ന പദത്തിന്റെ പരിധി ഡയറക്ടർമാർ, ട്രസ്റ്റിമാർ, പങ്കാളികൾ എന്നിവരിലേക്ക് വിപുലീകരിക്കുന്നതിലൂടെ ഭാരവാഹികൾക്കും ഡയറക്ടർമാർക്കും പുറമേ ട്രസ്റ്റിമാർ, പാർട്ണർമാർ, ഹിന്ദു അവിഭക്ത കുടുംബ കാരണവർ, ഭരണസമിതി അംഗങ്ങൾ, സംഘടനയെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നവർ എന്നിവരെക്കൂടി പരിധിയിൽ കൊണ്ടുവരികയും, നിയമലംഘനങ്ങൾക്ക് ഇവരെക്കൂടി ഉത്തരവാദികളാക്കി കടുത്ത ശിക്ഷാനടപടികൾക്ക് വിധേയമാക്കുകയും ചെയ്യുന്നു. സാങ്കേതികമായ എന്തെങ്കിലും നിയമലംഘനം നടന്നാൽപ്പോലും ഇവർ വ്യക്തിപരമായി ശിക്ഷിക്കപ്പെടാമെന്നത് സാമൂഹിക സേവന, സന്നദ്ധ പ്രവർത്തനരംഗത്തേക്ക് കടന്നുവരാൻ താല്പര്യപ്പെടുന്ന പ്രമുഖ വ്യക്തികളെയും വിദഗ്ധരെയും നിരുത്സാഹപ്പെടുത്തുന്ന സമീപനമാണ്.

2026-ലെ വിദേശ സംഭാവന (നിയന്ത്രണ) ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ പ്രകാരം ഒരു സംഘടനയുടെ എഫ്.സി.ആർ.എ. ലൈസൻസ് റദ്ദാക്കുകയോ, സസ്പെൻഡ് ചെയ്യുകയോ, പുതുക്കാതിരിക്കുകയോ ചെയ്താൽ, ആ സംഘടന വിദേശ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആസ്തികൾ ഏറ്റെടുക്കാൻ സർക്കാരിന് ഒരു ഡെസിഗ്നേറ്റഡ് അതോറിറ്റിയെ (Designated Authority) നിയമിക്കാവുന്നതാണ്. പ്രസ്തുത അതോറിറ്റിക്ക് ലൈസൻസ് റദ്ദാക്കപ്പെടുന്ന സംഘടനകളുടെ സ്വത്തുക്കൾ പൂർണ്ണമായി കണ്ടുകെട്ടാനും കൈകാര്യം ചെയ്യാനും വിൽക്കാനുമുള്ള വിപുലമായ അധികാരം നൽകുന്നു. കോടതിയുടെ മുൻകൂർ അനുമതിയോ കൃത്യമായ ജുഡീഷ്യൽ പരിശോധനയോ ഇല്ലാതെ, ഒരു ഭരണപരമായ ഉത്തരവിലൂടെ സംഘടനകളുടെ വർഷങ്ങളുടെ അധ്വാനഫലം കൈക്കലാക്കുന്നത് സ്വാഭാവിക നീതിയുടെ ലംഘനവും നിയമവാഴ്ചയുടെ അടിസ്ഥാന സങ്കൽപ്പങ്ങൾക്ക് വിരുദ്ധവുമാണ്.

വിദേശ ഫണ്ടുകൾ കൈമാറുന്നതിനും (Sub-Granting) ബാങ്ക് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനും ഏർപ്പെടുത്തിയ കടുത്ത നിയന്ത്രണങ്ങൾ താഴെത്തട്ടിൽ ജനസേവനം നടത്തുന്ന ചെറുകിട കൂട്ടായ്മകളുടെ നിലനിൽപ്പിനെത്തന്നെ ബാധിച്ചിരിക്കുന്നു. നിയമവിരുദ്ധമായ ഫണ്ടിംഗുകൾ തടയപ്പെടേണ്ടതാണെന്ന കാര്യത്തിൽ തർക്കമില്ലെങ്കിലും, സുതാര്യമായി പ്രവർത്തിക്കുന്ന കാരുണ്യ പ്രസ്ഥാനങ്ങളുടെ പ്രവർത്തനംപോലും പ്രായോഗികമായി അസാധ്യമാക്കുന്ന രീതിയിലാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ഇത്തരം കർശനമായ ഭേദഗതികൾ വഴി കോടിക്കണക്കിന് രൂപയുടെ വിദേശസഹായമാണ് സാധാരണക്കാരായ ജനങ്ങളിലേക്ക് എത്താതിരിക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ സാമൂഹിക വികസന സൂചികകളെപ്പോലും ദോഷകരമായി ബാധിക്കുന്നതാണ്.

'മതപരിവർത്തന ശ്രമങ്ങൾ' (Proselytisation) എന്ന വ്യക്തമായി നിർവചിക്കപ്പെടാത്ത പ്രയോഗം ചട്ടഭേദഗതിയിലൂടെ ഉൾപ്പെടുത്തിയിരിക്കുന്നത്, തദ്ദേശീയരുടെയും ആദിവാസികളുടെയും വിശ്വാസരീതികൾ, ആചാരങ്ങൾ, ആരാധനാ സമ്പ്രദായങ്ങൾ എന്നിവയിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നു എന്ന് ആരോപിച്ച് സന്നദ്ധ സംഘടനകളുടെ ലൈസൻസ് റദ്ദാക്കുവാൻ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടാവുന്നതാണ്. ഇത് പിന്നാക്ക, ട്രൈബൽ മേഖലകളിലെ ജീവകാരുണ്യ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ്.

ആയതിനാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 19, 25, 29 എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കുന്നതും ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായതും രാജ്യത്ത് മാതൃകാപരമായി പ്രവർത്തിക്കുന്ന സന്നദ്ധ സേവന സംഘടനകളുടെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കുന്നതുമായ വിദേശ സംഭാവന നിയന്ത്രണ നിയമ ഭേദഗതി നിർദേശവും (Foreign Contribution (Regulation) Amendment Bill, 2026) ചട്ട ഭേദഗതിയും (Foreign Contribution (Regulation) Amendment Rule, 2026) അടിയന്തരമായി പിൻവലിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു."

*Statement Under Rule 300:*

Shri Sunny Joseph, Minister for Electricity, Environment and Parliamentary Affairs made the following statement under Rule 300, regarding the matters related to the distribution of power in the State.

"സംസ്ഥാനത്ത് കഴിഞ്ഞ ചില ദിവസങ്ങളിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്ന സാഹചര്യത്തെക്കുറിച്ച് ഏവർക്കും അറിയുന്നതാണല്ലോ. വൈദ്യുതി ലഭ്യതയും വൈദ്യുതി ആവശ്യകതയും തമ്മിൽ വലിയ അന്തരം ഉണ്ടായ ഒരു സാഹചര്യത്തിലാണ് നിയന്ത്രണം വേണ്ടിവന്നത്. മഴയുടെ ലഭ്യതക്കുറവ് മൂലം സംസ്ഥാനത്തെ സംഭരണ ഡാമുകളിലേക്കുള്ള നീരൊഴുക്ക് സാരമായി കുറഞ്ഞിട്ടുണ്ട്. അന്തരീക്ഷ താപനില ഉയർന്ന നിലയിൽത്തന്നെ തുടർന്നതിനാൽ വൈദ്യുതിയുടെ ഉപഭോഗം വളരെയധികം വർദ്ധിച്ചു. പസഫിക് സമുദ്രത്തിൽ എൽനിനോ പ്രതിഭാസം വന്നതിനെ തുടർന്ന് അന്തരീക്ഷ ഊഷ്മാവ് വർദ്ധിച്ചതിനാൽ രാജ്യത്താകെ വൈദ്യുതി ലഭ്യതയിൽ വൻതോതിലുള്ള കുറവ് ഉണ്ടായതായി കെ.എസ്.ഇ.ബി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ജൂൺ ഒന്നിന് തന്നെ മൺസൂൺ എത്തിയെങ്കിലും മഴ വേണ്ടത്ര ശക്തി പ്രാപിക്കാത്തതിനാൽ അന്തരീക്ഷ താപനില കാര്യമായി കുറഞ്ഞിട്ടില്ല. പ്രതിദിനം ശരാശരി 4100 മെഗാവാട്ടിന്റെ ആവശ്യകതയാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും 4900 മെഗാവാട്ട് വരെ ഉയരുന്ന സ്ഥിതിയുണ്ട്. ആഭ്യന്തര ഉൽപ്പാദനമായ 1700 മെഗാവാട്ടും കേന്ദ്രനിലയങ്ങളിൽ (Central Generating Stations) നിന്നുള്ള 1701 മെഗാവാട്ടും ദീർഘകാല കരാറുകളിൽ (LTA - Long Term Agreement) നിന്നുള്ള 612 മെഗാവാട്ടും പൂർണ്ണതോതിൽ ലഭിക്കുമ്പോഴും മേൽപ്പറഞ്ഞ കാരണങ്ങളാൽ ഏതാണ്ട് 900 മെഗാവാട്ട് വൈദ്യുതിയുടെ കുറവ് നിലവിലുണ്ട്. ഈ വർഷം വേനൽക്കാലത്തെ വൈദ്യുതി ഉപയോഗം നേരിടുന്നതിനായി ഇതരസംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി കടം വാങ്ങിയിരുന്നു (Swap import). ജൂൺ 16 മുതൽ തിരികെ നൽകാമെന്ന കരാറിലാണ് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഈ വൈദ്യുതി വായ്പയായി വാങ്ങിയത്. പ്രസ്തുത വൈദ്യുതിയുടെ Swap return-ന് വേണ്ടി പ്രതിദിനം 6.58 MU (Million Unit) നൽകേണ്ടതായിട്ടുണ്ട്. Swap return 2026 സെപ്റ്റംബർ വരെയുണ്ട്.

നിലവിൽ ജലസംഭരണ അണക്കെട്ടുകളിലേക്കുള്ള നീരൊഴുക്ക് വളരെ കുറഞ്ഞതിനാൽ ജലസംഭരണം 870 MU (21%) മാത്രമാണ്. കഴിഞ്ഞ വർഷം ഇതേ സമയം ഇത് 2475 MU (59%) ആയിരുന്നു. ഇപ്പോഴത്തെ കണക്കുകൾ അനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 88- 90 മില്ല്യൺ യൂണിറ്റാണ്. ഇതിൽ ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതി പ്രതിദിനം 15-16 മില്ല്യൺ യൂണിറ്റ് മാത്രമാണ്. പുറമേ നിന്നും ഏകദേശം 74-75 MU വൈദ്യുതി വാങ്ങേണ്ടിവരുന്നു. അങ്ങനെ സംസ്ഥാനത്തിന്റെ പ്രതിദിന വൈദ്യുതി ആവശ്യകതയുടെ ഏകദേശം 17 - 18 % മാത്രമാണ് ആഭ്യന്തര ഉത്പാദനം. 82 - 83% പുറമേ നിന്നും വാങ്ങുന്നു.

കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം പ്രധാനമായും ജലവൈദ്യുതിയെ ആശ്രയിക്കുന്നതിനാൽ മഴയുടെ ലഭ്യത അനുസരിച്ച് വർഷംതോറും ഉൽപ്പാദനം വ്യത്യാസപ്പെടുന്നു. ജലവൈദ്യുതി ഉൽപ്പാദനത്തിന്റെ നിലവിലെ സ്ഥാപിതശേഷി 2196 മെഗാവാട്ട് ആണ്. കഴിഞ്ഞ 10 വർഷക്കാലയളവിൽ ആകെ 150.636 മെഗാവാട്ടിന്റെ വർദ്ധനവ് മാത്രമാണ് ജലവൈദ്യുത പദ്ധതികൾ വഴി ആഭ്യന്തര ഉൽപ്പാദനത്തിൽ കൈവരിക്കാൻ കഴിഞ്ഞത്. ഇത് ജലവൈദ്യുതിയുടെ സംസ്ഥാനത്തെ സ്ഥാപിതശേഷിയുടെ കേവലം 6.8 ശതമാനവും ആവശ്യകതയുടെ (ശരാശരി 5000 മെഗാവാട്ട്) 3 ശതമാനവും മാത്രമാണ് എന്ന വസ്തുത നിലനിൽക്കുന്നു. സൗരോർജ്ജ മേഖലയിൽ ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുള്ളതിൽ ഏതാണ്ട് മുഴുവനും ബാറ്ററി സംഭരണ ശേഷിയില്ലാത്തതാണ്. ഇതിൽ ഭൂരിഭാഗവും സ്വകാര്യ വ്യക്തികളുടേയോ സംരംഭങ്ങളുടേയോ ആണ്. CUF (ക്യുമുലേറ്റീവ് യൂട്ടിലൈസേഷൻ ഫാക്ടർ) കണക്കിലെടുക്കുമ്പോൾ, സോളാറിൽ സ്ഥാപിതശേഷിയുടെ 11.43 ശതമാനം മാത്രമാണ് ഊർജ്ജമായി ലഭിക്കുന്നത് മഴയുടെ ലഭ്യതക്കുറവ് കണക്കിലെടുത്ത് DEEP ( Discovery of Efficient Electricity Price) കരാറുകൾക്കുള്ള പരിശ്രമം കെ.എസ്.ഇ.ബി. നടത്തിയിരുന്നുവെങ്കിലും രാജ്യത്തെ എൽനിനോ പ്രതിസന്ധി കാരണം വിജയിച്ചില്ല. ഈയൊരു സാഹചര്യത്തിലാണ് വൈദ്യുതി നിയന്ത്രണം ഉണ്ടായത്. ഈ മാസം 16 മുതൽ 19 വരെയും 26-ാം തീയ്യതിയുമാണ് നിയന്ത്രണം ഉണ്ടായത്. 2026 ഏപ്രിൽ മാസം 22 മുതൽ 27-ാം തീയ്യതി വരെയും മേയ് മാസം 11, 12, 20, 21 തീയ്യതികളിലും ഇതുപോലെ വൈദ്യുതിനിയന്ത്രണം ഉണ്ടായിട്ടുണ്ട്. പീക്ക് സമയത്തെ അധിക വൈദ്യുതി ആവശ്യകത നേരിടുന്നത് ഉയർന്ന വിലയ്ക്ക് പുറമേനിന്ന് വൈദ്യുതി വാങ്ങിയാണ്. പകൽസമയത്ത് സോളാറിൽ നിന്നും മറ്റും വൈദ്യുതി ലഭ്യമാകുന്നതിനാൽ വളരെ കുറഞ്ഞ നിരക്കിൽ വൈദ്യുതി കിട്ടുമെങ്കിലും പീക്ക് സമയങ്ങളിൽ യൂണിറ്റിന് 10 (പത്ത്) രൂപ വരെ നൽകേണ്ടിവരുന്നു. ആഭ്യന്തര വൈദ്യുതി ഉൽപ്പാദനശേഷി കാര്യമായി വർദ്ധിപ്പിക്കുന്നതും ലാഭകരമായ ദീർഘകാലകരാറുകളിൽ ഏർപ്പെടുന്നതുമാണ് ഇതിനുള്ള പരിഹാരം. നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ കപ്പാസിറ്റി അഡീഷൻ/എക്സ്റ്റൻഷൻ സംബന്ധിച്ച് പഠനങ്ങളും പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ നടപടികളും നടക്കുന്നുണ്ടെങ്കിലും ഇതെല്ലാം കൂടുതൽ സമയമെടുക്കുന്നതാണ്. പീക്ക് സമയങ്ങളിലെ ആവശ്യകത നേരിടാൻ ബാറ്ററി എനർജി സ്റ്റോറേജ് പദ്ധതികൾക്ക് (BESS) മുൻഗണന നൽകി സമയബന്ധിതമായി നടപ്പാക്കാനുദ്ദേശിക്കുന്നു. നിലവിലുള്ള ആറ് BESS പദ്ധതികൾ (മൈലാട്ടി, ശ്രീകണ്ഠാപുരം, മുള്ളേരിയ, അരീക്കോട്, പോത്തൻകോട്, ബ്രഹ്മപുരം) കമ്മീഷൻ ചെയ്യുന്നതോടെ കപ്പാസിറ്റിയിൽ 500 മെഗാവാട്ട് വർദ്ധിപ്പിക്കാനും, എനർജി സംഭരണശേഷിയിൽ 1500 മെഗാവാട്ട് അവർ വർദ്ധിപ്പിക്കാനും കഴിയും. ഇതിൽ 5 പദ്ധതികളും 2026 അവസാനത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാത്രമല്ല DEEP (Discovery of Efficient Electricity Price) പോർട്ടൽ മുഖേന 15-6-2026 മുതൽ 31-12-2026 വരെ ഷോർട്ട് ടേം പവർ പർച്ചേസ് നടത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും താരിഫ് അംഗീകരിച്ചുകൊണ്ടും

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 29-6-2026-ൽ ഉത്തരവായിട്ടുണ്ട്. മേൽസൂചിപ്പിച്ച നടപടികളിലൂടെ സംസ്ഥാനത്തെ വൈദ്യുതിപ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പീക്ക് സമയങ്ങളിൽ വൈദ്യുതി ഉപയോഗം കഴിയുന്നത്ര കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണവും ആവശ്യമാണ്. വൈദ്യുതിയുടെ വിതരണം നല്ല നിലയിലാക്കുന്നതിനും പരാതികളും പ്രശ്നങ്ങളും കഴിയുന്നത്ര പരിഹരിക്കുന്നതിനും ശ്രമിച്ചുവരുന്നു. ഇതിലേക്ക് ഏവരുടേയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു."

*Legislative Business:*

i) <u>Introduction and further stages of The Kerala Finance (No. 3) Bill, 2026.</u>

Shri V. D. Satheesan, Chief Minister introduced the Kerala Finance (No. 3) Bill, 2026 and moved that the Bill be taken into consideration.

(The members belonging to the opposition parties boycotted rest of the proceedings.)

The general discussion on the bill commenced. The following Members took part in the discussion:

DR. Mathew Kuzhalnadan

Shri P. M. A. Sameer

Shri Varghese Mammen

Shri V. Muraleedharan

Shri Vishnu Mohan

Shri T. K. Govindan Master

Shri Sajeev Joseph

Shri Ramesh Pisharody

Smt. Ramya Haridas

Shri C. K. Kasim

Shri K. P. Noushad Ali

Then the Bill was taken up for clause by clause consideration and passed with official amendment on Clause 4.

ii) Introduction and further stages of The Kerala Appropriation (No. 3) Bill, 2026

Shri V. D. Satheesan, Chief Minister introduced the Kerala Appropriation (No. 3) Bill, 2026 and moved that the Bill be taken into consideration.

The general discussion on the bill commenced. The following Members took part in the discussion:

Shri Abin Varkey Kodiyattu

Smt. Fathima Thahiliya

Shri Apu John Joseph

Shri B. B. Gopakumar

Shri M. R. Baiju

Shri K. Praveen Kumar

Then the Bill was taken up for clause by clause consideration and passed without any amendment.

The Speaker made a brief review of the First Session of the Sixteenth Kerala Legislative Assembly.

Then, the Chief Minister moved a motion that the House may be adjourned sine die and the same was adopted by the House.

The House adjourned sine die at 4.21 p.m.

National Anthem was sung.

SHAJI C. BABY,
*Secretary-in-Charge.*

[illegible] Mission [illegible] Kerala [illegible] will be taken into consideration.

[illegible] the following Members [illegible]

Shri [illegible]

Shri [illegible]

Shri [illegible]

Shri [illegible]

Shri [illegible]

[illegible]

[illegible] consultation and general [illegible]

[illegible]

[illegible]

[illegible]